LIBRARY ARCHIVES Kerala Legislative Assembly

പെരുമ്പട്ട പാലം നിർമ്മാണം

240(1309) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരുമ്പട്ട പാലം നിർമ്മാണം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽപ്പെട്ട പ്രസ്തുത പാലം പണി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പെരുമ്പട്ട പാലത്തിന്റെ ഡിസൈൻ പൂർത്തിയായി. എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) എസ്റ്റിമേറ്റ് ലഭ്യമായ ശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

പേരുച്ചാൽ, പേങ്ങാട്കടവ് പാലങ്ങളുടെ നിർമ്മാണം

241(1310) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ പേരുച്ചാൽ, പേങ്ങാട്ട്കടവ് പാലങ്ങളുടെ നിർമ്മാണം ഏതു ഘട്ടം വരെയായി; ഈ പാലങ്ങളുടെ നിർമ്മാണത്തിനായി എത്ര രൂപയുടെ ഫണ്ടാണ് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; ഇനി എന്തൊക്കെ പണികളാണ് നടക്കാനുള്ളത് എന്ന് വിശദമാക്കാമോ;

(ബി) രണ്ട് പാലങ്ങളുടേയും നിർമ്മാണം വൈകാനുണ്ടായ കാരണങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ; ഇവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിർമ്മാണ തടസ്സങ്ങൾ പരിഹരിച്ച് പാലംപണി എന്ന് പൂർത്തീകരിക്കാനാവും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പേരുർച്ചാൽ പാലത്തിന്റെ ഫൗണ്ടേഷന്റെ Pile-ന്റെ പണികൾ പൂർത്തിയായി. 2 പിയറിന്റെ പണികൾ പൂർത്തീകരിച്ചു. മൂന്നാമത്തേതിന്റെ കോൺക്രീറ്റ് ഉടൻ തുടങ്ങുന്നതാണ്. ഓപ്പൺ ഫൗണ്ടേഷന്റെ എക്സ്കവേഷൻ നടന്നുകൊണ്ടിരിക്കുന്നു. സൂപ്പർ സ്ട്രക്ച്ചറിന്റെ ഒരു ബീം കാസ്റ്റ് ചെയ്തു സ്ഥാപിച്ചു. രണ്ടാമത്തെ ബീമിന്റെ പണികൾ നടന്നുവരുന്നു. പേരുർച്ചാൽ പാലത്തിന് 6.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പേങ്ങാട്ടുകടവ് പാലത്തിന്റെ പണികൾ പൂർത്തീകരിച്ചു. ഈ പാലത്തിന് 3.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) മണിയാർ ഡാം ഉറക്കുന്നതിനാൽ വേനൽക്കാലത്തും ജലനിരപ്പ് കുറയാത്തതും, കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകളും കാരണം നിർമ്മാണം മന്ദഗതിയിലായിരുന്നു. എന്നാൽ ഇപ്പോൾ പണികൾ പുനരാരംഭിച്ചിട്ടുണ്ട്.

(സി) പേരൂർച്ചാൽ പാലത്തിന്റെ പണികൾ ഉടനെ പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷ. പേങ്ങാട്ടുകടവ് പാലത്തിന്റെ പണികൾ പൂർത്തീകരിച്ചുകഴിഞ്ഞു.

പൊതുമരാമത്ത് പണികൾ

242(1311) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന മിനി സിവിൽസ്റ്റേഷൻ, വെച്ചൂച്ചിറ പോളിടെക്നിക് കെട്ടിടം, താലൂക്ക് ആശുപത്രി കെട്ടിടം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഇവ ഓരോന്നിനും എത്ര തുക വീതമാണ് ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ കെട്ടിടത്തിനും നിർമ്മാണത്തിനിടയിലുണ്ടായ തടസ്സങ്ങൾ നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഓരോ പ്രവർത്തികളും എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് പറയാമോ?

ഉത്തരം

(എ) റാന്നി മിനി സിവിൽ സ്റ്റേഷൻ :

റാന്നി നിയോജക മണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന മിനി സിവിൽ സ്റ്റേഷന് 6,33,05,997 രൂപ ഒന്നാം ഘട്ടമായി ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) വെച്ചൂച്ചിറ പോളിടെക്നിക് പ്രധാന കെട്ടിടം :

വെച്ചൂച്ചിറ പോളിടെക്നിക്കിനുവേണ്ടിയുള്ള പ്രധാന കെട്ടിടത്തിന്റെ സ്ട്രക്ചർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. തുടർന്ന് കരാറുകാരന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ടെർമിനേറ്റ് ചെയ്ത് റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly